22/10/25

TM253164K

Reg. No :.....

Name :.....

**MASTER'S DEGREE (C.S.S) EXAMINATION, OCTOBER 2025**

**2024 ADMISSIONS REGULAR**

**SEMESTER III - CORE COURSE**

**MA3C13M - Malayala Niroopanam**

**Time : 3 Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. 'ഇതുവരെ പറഞ്ഞതെല്ലാം ഈ കാവ്യത്തിൽ സ്ഥൂലമായിത്തന്നെ കാണാവുന്ന വിഷയമാണ്' - ഏത് കൃതിയെക്കുറിച്ച് ആര് നൽകുന്ന അഭിനന്ദനമാണിത്?
2. ആദ്യകാലനിരൂപണത്തിൽ അവതാരികകൾക്കുള്ള പ്രാധാന്യം എന്ത്?
3. അവികലമായ സുഖത്തിനു വേണ്ടി മാത്രം യത്നിക്കുന്ന മനുഷ്യരെക്കുറിച്ചുള്ള മുണ്ടശ്ശേരിയുടെ കാഴ്ചപ്പാടുകൾ വിശദീകരിക്കുക.
4. എഴുത്തച്ഛൻറെ കൃതികളെ ഗിരിശൃംഗങ്ങളോടുപമിക്കുന്നതിനു കാരണങ്ങളായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം?
5. യഥാർത്ഥ കവിത 'എന്നതുകൊണ്ട് കുറ്റിപ്പുഴ അർത്ഥമാക്കുന്നതെന്തെന്ന് പരിശോധിക്കുക.
6. കവിതയിലെ വക്താവി ൻറെ സങ്കല്പങ്ങളും സ്മരണകളുമാണ് 'ഗന്ധർവ്വൻ പാടുന്നു' എന്ന കവിത"- ഈ ആശയത്തെ എം ലീലാവതി സമർത്ഥിക്കുന്നതെങ്ങനെ?
7. 'ഗന്ധർവ്വൻ പാടുന്നു' എന്ന കവിതയിലെ സങ്കല്പികമായ ഐന്ദ്രിയാനുഭൂതിയെ എം ലീലാവതി ആവിഷ്കരിക്കുന്നതെങ്ങനെ?
8. വിമർശകർ എപ്പോഴും എഴുത്തുകാരൻറെ പുനർജന്മം സ്വപ്നം കാണുന്നു എന്ന് പറയുന്നതിൻറെ സാംഗത്യം എന്ത്?
9. സൂക്ഷ്മപ്രപഞ്ചത്തെ ഉൾക്കൊള്ളാത്ത ദർശനങ്ങൾ അപകടമാണെന്ന് ആഷാമേനോൻ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്?
10. സമൂഹത്തിലെ വാക്കും സാഹിത്യത്തിലെ വാക്കും ഒന്നല്ല എന്ന് ഇ വി രാമകൃഷ്ണൻ പറയുന്നതിൻറെ പൊരുളെന്ത്?

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. മലയാളത്തിൽ പ്രസിദ്ധീകൃതമായ ഗദ്യകവിതകളുടെ ദോഷങ്ങൾ എം പി പോൾ ചൂണ്ടിക്കാണിക്കുന്നത് എങ്ങനെ?
12. 'ഇപ്രകാരം കരുണശീതളനും എന്നാൽ പ്രശാന്തഗംഭീരനുമായ ശത്രുക്കൾക്കുകൂടി ഭക്തി തോന്നാതിരി ക്കില്ല' - ഈ പ്രസ്താവനയുടെ പൊരുൾഎന്ത്?
13. 'കരുണത്തിൽ നീറിത്തെളിഞ്ഞ സൃഷ്ടികളെല്ലാം പ്രത്യാശയുടെ വാതിൽ അടച്ചുപൂട്ടുന്നവയാണ് 'എന്ന നിരൂപക മതത്തിനെതിരായി മുണ്ടശ്ശേരി നിരത്തുന്ന വാദഗതികളെന്തെല്ലാം?
14. ആശാനാണോ വള്ളത്തോളാണോ ഏറ്റവും മികച്ച പുരോഗമനസാഹിത്യകാരൻ എന്ന ചോദ്യത്തിന് ഇ എം എസ് നൽകുന്ന വിശദീകരണങ്ങളെന്തെല്ലാം?
15. ജീവത്സാഹിത്യപ്രസ്ഥാനം സാഹിത്യകാരന്മാരോട് നിഷ്കർഷിക്കുന്നതെന്തെല്ലാമെന്ന് വിവരിക്കുക.

16. 'കളിയച്ഛൻ' എന്ന കവിതയിലെ വേഷക്കാരനും കളിയാശാനും തമ്മിലുള്ള ബന്ധവിശേഷം പൂർവ്വനിർധിഷ്ഠിതമായ ധർമച്യുതിയുടെ പര്യായമാണെന്ന എം പി ശങ്കുണ്ണിനായരുടെ അഭിപ്രായം വിലയിരുത്തുക.

17. വാണിജ്യസംസ്കാരത്തിൻറെ കടന്നുകയറ്റം മനുഷ്യജീവിതത്തിലുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചുള്ള ആഷാമേനോൻറെ നിരീക്ഷണങ്ങളെന്തെല്ലാം?

18. 'സവർണ്ണനേതൃത്വത്തിലേക്ക് ദളിത് ജീവിതത്തെ ദത്തുനൽകുന്ന ചരിത്രദുരന്തങ്ങളുടെ സാഹിത്യാനുഭവമാണ് രണ്ടിടങ്ങഴിയിൽ ആവിഷ്കരിച്ചിരിക്കുന്നത്' എന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ?

**Part C**

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. 'മനോരമാവിജയ'ത്തെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക.

20. കളിയച്ഛൻ എന്ന കവിതയെ എം പി ശങ്കുണ്ണി നായർ വിമർശനാത്മകമായി നോക്കിക്കാണുന്നതെങ്ങനെ?

21. ഐറണികളിലൂടെ ആക്ഷേപഹാസ്യം രൂപപ്പെടുത്തുന്നതിൽ മലയാള കവികൾക്കുള്ള പാടവം 'ലവണദേവതമാരും കാഞ്ഞിരവിഗ്രഹങ്ങളും' എന്ന പഠനത്തെ മുൻനിർത്തി വിവരിക്കുക.

22. 'ഫ്യൂഡൽനന്മകൾ കൊണ്ട് ചരിത്രത്തെ തിരിച്ചു പിടിക്കാനുള്ള ശ്രമമാണ് രണ്ടിടങ്ങഴി എന്ന നോവലിൽ തകഴി ആവിഷ്കരിക്കുന്നത്' എന്ന പ്രദീപൻ പാമ്പിരിക്കുന്നിൻറെ അഭിപ്രായത്തെ വിലയിരുത്തുക.